# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3288 — 14/03/2018-ൽ മറുപടിക്ക്

### കുട്ടികളുടെ നേത്രവൈകല്യങ്ങൾ കണ്ടെത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സ്കൂൾ കുട്ടികളുടെ നേത്രവൈകല്യങ്ങൾ നേരത്തേ കണ്ടെത്തി പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | എ) | ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ആരോഗ്യ വകുപ്പ് സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി നേത്ര പരിശോധനാ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്. |
| ബി) | സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികളുടെയും നേത്ര പരിശോധന വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിന് ആവശ്യമായ ഒപ്പ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ നേത്ര പരിശോധന വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിനായി സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിലെ ഒഫ്ത്താൽമോളജിസ്റ്റുമാർ, ഒപ്റ്റോമെട്രിസ്റ്റുമാർ ഉൾപ്പെടുന്ന സംഘം സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് നേത്ര പരിശോധന നടത്തി വരുന്നുണ്ട്. |
| സി) | കാഴ്ചവൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സയും കണ്ണടയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | കാഴ്ച വൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സയും കണ്ണടയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ